## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *671 | 01.11.2011-ലെ മറുപടിക്ക് |
|---|---|

### പി.എച്ച് ലാബുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ വിവിധ പരിശോധനകൾക്കായി ഓട്ടോമേറ്റഡ് ഹെമറ്റോളജി അനലൈസർ, ഓട്ടോമേറ്റഡ് ബയോ കെമിസ്ട്രി അനലൈസർ, എലൈസാ റീഡർ സെമി ഓട്ടോമേറ്റഡ് അനലൈസറുകൾ, ബൈനോക്കുലർ മൈക്രോസ്കോപ്പുകൾ എന്നീ ആധുനിക ഉപകരണങ്ങൾ ഉണ്ട്. പകർച്ചവ്യാധികളായ ഡെങ്കിപ്പനി, എലിപ്പനി, ഹെപ്പറ്റൈറ്റിസ് (എ, ബി,സി), ടൈഫോയിഡ്, ചിക്കുൻഗുനിയ തുടങ്ങിയ രോഗ നിർണ്ണയത്തിനാവശ്യമായ സിറോളജി പരിശോധനകളും ബ്ലഡ് ഷുഗർ, യൂറിയ, കൊളസ്ട്രോൾ, ബിലിറൂബിൻ, എൻസൈമുകൾ തുടങ്ങിയ ബയോകെമിസ്ട്രി പരിശോധനകളും ഹീമോഗ്ലോബിൻ, റ്റിസി, ഡിസി, ഇ.എസ്സ്.ആർ, ബ്ലഡ് പിക്ച്ചർ, പ്ലേറ്റ്ലെറ്റ്കൗണ്ട് മുതലായ ഹെമറ്റോളജി പരിശോധനകളും നടത്തി വരുന്നു. കണ്ണൂർ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിൽ തൈറോയിഡിന്റെ ടെസ്റ്റും നടത്തുന്നുണ്ട്. എറണാകുളം റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിൽ കൾച്ചർ ആന്റ് സെൻസിറ്റിവിറ്റി പരിശോധന നടത്തുന്നുണ്ട്. കോഴിക്കോട്ടും കണ്ണൂരും പബ്ലിക് ഹെൽത്ത് ലാബിൽ ടി പരിശോധനകൾ ഉടൻ ആരംഭിക്കുന്നതാണ്. |

| | |
|---|---|
| ബി) ടെസ്റ്റ് കിറ്റുകളുടെയും രാസ പദാർത്ഥങ്ങളുടെയും ലഭ്യതക്കുറവ് കാരണം രോഗനിർണ്ണയ പരീക്ഷണ ങ്ങൾ മുടങ്ങുന്നതും, കാലതാമസം നേരിടുന്നതും പരിഹരിക്കുവാൻ സ്വീക രിച്ച നടപടികൾ വിശദമാക്കാമോ? | ബി) പ്രധാനപ്പെട്ട ടെസ്റ്റു കിറ്റുകളും റീയേജന്റുകളും എല്ലാം തന്നെ ഇൻഡന്റ് അനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഹെൽത്തു ലാബു വഴി വിതരണം ചെയ്യുന്നുണ്ട്. 2012-13 സാമ്പത്തിക വർഷത്തിലേക്ക് ആവശ്യമായ ടെസ്റ്റ് കിറ്റുകളും ഉപകരണങ്ങളും വാങ്ങുന്നതിനു വേണ്ടിയുള്ള ഫണ്ടിനായി പ്ലാൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുക ളിലേക്ക് ആവശ്യമായ ടെസ്റ്റ് കിറ്റുകളും ഉപകരണങ്ങളും വാങ്ങുന്നതിനു വേണ്ടി യുള്ള ടെൻഡർ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ